പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3020 15.12.2015-ലെ മറുപടിക്ക്

ഭൂനികുതി സ്വീകരിക്കാത്തത്

ചോദ്യം
ശ്രീ.പി.കെ.ബഷീർ

മറുപടി
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ ചില പ്രദേശങ്ങളിൽ ഭൂനികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതൊക്കെ വില്ലേജ് പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലാണ് നികുതി സ്വീകരിക്കാത്തത്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ; ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | തിരൂരങ്ങാടി താലൂക്കിലെ പെരുവള്ളൂർ വില്ലേജിലെ പെരുവള്ളൂർ അംശത്തിൽ വരുന്ന വിവിധ റീസർവ്വെകളിൽപ്പെട്ട ഭൂമിയ്ക്ക് നികുതി സ്വീകരിക്കുന്നില്ല. തിരൂരങ്ങാടി ലാന്റ് ബോർഡിന്റെ 18/03/2006-ലെ സി.ആർ. 522/1973 നമ്പർ നടപടിക്രമപ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായിരുന്ന മേൽ പറഞ്ഞ ഭൂമി, നിരവധി കുടുംബങ്ങൾ ആധാരം, ക്രയസർട്ടിഫിക്കറ്റ് എന്നിവ സഹിതം കൈവശം വെച്ചുവരുന്നു. എന്നാൽ മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട സ്ഥലം സർക്കാർ ഭൂമിയായതിനാലും കേരള ഭൂപരിഷ്കരണ നിയമത്തിന്റെ രണ്ടാം വകുപ്പ് ഒന്നാം ഉപവകുപ്പിന്റെ പരിധിയിൽ വരുന്നതിനാലും ടി ഭൂമിയ്ക്ക് നികുതി സ്വീകരിക്കുവാൻ സാധിക്കുകയില്ല. ടി ഭൂമിയുടെ കൈവശാവകാശത്തിനായി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 85(8) പ്രകാരം താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ ഹർജി സമർപ്പിക്കുന്നതിന് ടി കുടുംബങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പൊന്നാനി താലൂക്കിൽ പൊന്നാനി നഗരം, ഈഴുവത്തിരുത്തി, മാറഞ്ചേരി, വെളിയങ്കോട്, ആലങ്കോട്, നന്നംമുക്ക്, എന്നീ വില്ലേജുകളിൽ മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ളതും അന്യ കൈവശമായതിനാൽ |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കാൻ കഴിയാത്തതുമായ ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല.<br>ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ 465/1 ൽ ഉൾപ്പെട്ട 7 ഏക്കർ 45 സെന്റ് ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തതിനാൽ പ്രസ്തുത ഭൂമിയ്ക്ക് നികുതി സ്വീകരിക്കുന്നില്ല. ഊർങ്ങാട്ടിരി വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുത്ത് പതിച്ച് കൊടുക്കാത്തതും, മിച്ചഭൂമി കേസിൽ ഉൾപ്പെട്ടതും, പുറമ്പോക്ക് കൈവശം വെച്ച് വരുന്നതുമായ ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല. പെരകമണ്ണ വില്ലേജിൽ നിക്ഷിപ്ത വനഭൂമി പതിച്ച കൊടുക്കൽ നിയമപ്രകാരം പതിച്ച കൊടുത്ത ഭൂമിക്കും ക്വാറി നടത്തിപ്പും മറ്റ് നിയമ ലംഘനം നടത്തുന്ന ഭൂമിക്കും നികുതി സ്വീകരിക്കുന്നില്ല. പയ്യനാട് വില്ലേജിലെ സത്രം വക ഭൂമിക്കും, പന്തല്ലൂർ വില്ലേജിലെ സുപ്രീം കോടതിയിൽ കേസുള്ള 300 ഏക്കറോളം വരുന്ന ഭൂമിക്കും നികുതി സ്വീകരിക്കുന്നില്ല.<br>നിലമ്പൂർ താലൂക്കിലെ കേരള എസ്റ്റേറ്റ് വില്ലേജിൽ സി2 ഡിവിഷനിൽപ്പെട്ട 257.79 ഏക്കർ തോട്ടഭൂമിയുടെ നികുതി സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ.പി.(സി) 36009/15 നമ്പരായി കേസ് നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**